# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 631 | 10-03-2015-ൽ മറുപടിക്ക്

### വ്യാവസായിക രംഗത്തെ നിക്ഷേപം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ രംഗത്ത് എത്ര രൂപയുടെ നിക്ഷേപം ഉണ്ടായി ;<br><br>(ബി) എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു ; | (എ) & (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ വ്യവസായ രംഗത്ത് ഏകദേശം 604 കോടി രൂപയുടെ നിക്ഷേപവും, 3251 ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കിൻഫ്ര, സിഡ്കോ എന്നിവയുടെ സഹായത്തോടെ ആരംഭിച്ച സംരംഭങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 8399.83 കോടി രൂപയുടെ നിക്ഷേപം വ്യവസായ രംഗത്ത് ഉണ്ടായി. |
| (സി) പ്രസ്തുത കാലയളവിൽ എത്ര ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞു ;<br><br>(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഫാക്ടറികൾ അടച്ചുപൂട്ടി ; കാരണം എന്തെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) | ഈ കാലയളവിൽ കെ.എസ്.ഐ.ഡി.സി സാമ്പത്തിക സഹായം ചെയ്തതിന്റെ ഫലമായി അടച്ചുപൂട്ടപ്പെട്ടിരുന്നവയിൽ ഒരു സ്ഥാപനം തുറന്ന് പ്രവർത്തിക്കുകയും, ഒരു സ്ഥാപനം പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ അടച്ചുപൂട്ടുകയുമുണ്ടായി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ഇ) വ്യവസായ രംഗത്തെ കേരള മോഡൽ എന്നതുകൊണ്ട് എന്തെല്ലാമാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ ; | (ഇ) | സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും കേരളത്തിലാണ്. ക്ലസ്റ്റർ വികസന രംഗത്തും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് (വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും കേരളം എപ്പോഴും മുൻ നിരയിലാണ്). |

(എഫ്) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; എത്ര സംരംഭകർക്ക് അതിന്റെ ഗുണം ലഭിച്ചു ; വിശദാംശം നൽകാമോ ?

(എഫ്) കെ.എസ്.ഐ.ഡി.സി നൽകി വരുന്ന വായ്പകളുടെ പലിശ ഒരു ശതമാനം കുറച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി പുതുതായി തുടങ്ങുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായി 25 ലക്ഷം രൂപ വരെയുള്ള സീഡ് ഫണ്ടിങ്ങ് പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രയോജനം ഇതേ വരെ നാലു യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2011-2012 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ഇനങ്ങളിലായി ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തുക വിനിയോഗിച്ചിട്ടുണ്ട്.

| | | |
|---|---|---|
| State Investment subsidy | - | 8,22,33,403 |
| Self Employment Scheme for Educated Youth | - | 1,46,61,331 |
| Turnover Subsidy to MSMEs engaged in the manufacture of fruit and vegetables based products | - | 53,08,318 |
| Reimbursement of one time guarantee fee and annual service fee remitted under CGTMSE | - | 72,78,866 |

സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇനത്തിൽ 325 പേർക്കും Self employment for Youth എന്ന പദ്ധതി പ്രകാരം 259 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 5 കോടി രൂപ വിത്ത് മൂലധന വായ്പ ഇനത്തിൽ 310 പേർക്കായി ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 25,40,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ 21,29,54,973 രൂപ Entrepreneur Support Scheme, State Investment Subsidy എന്നീ പദ്ധതികളിലൂടെ ആനുകൂല്യങ്ങളായി നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 30,00,00,000 രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ State Investment Subsidey, Enterpreenur Support Scheme, Margin Money Loan എന്നീ ഇനങ്ങളിലായി 29,47,11,132 രൂപ ചെലവഴിച്ചിട്ടുണ്ട്.

കിൻഫ്രയുടെ നേതൃത്വത്തിൽ ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ താഴെ പറയുന്ന Standard Design Factory കൾ സ്ഥാപിച്ചിട്ടുണ്ട്.

- Standard Design Factory, Nellad Ernakulam.
- Standard Design Factory, Piravanthur, Kollam.
- Standard Design Factory, Thalassery, Kannur.
- Standard Design Factory, Kanjikode, Palakkad.

സെക്ഷൻ ഓഫീസർ